# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104

29.09.2016 -ൽ മറുപടിക്ക്

## മത്സ്യമേഖലയുടെ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എ.എൻ.ഷംസീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ, സാഫ്, അഡാക്ക് എന്നിവ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം മേഖലകളുടെ വികസനത്തിനാണ് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നതെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതികൾ ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു.<br>1. തീരദേശത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ<br>2. മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ, പുന:രുദ്ധാരണ പദ്ധതി<br>3. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കായി ഭൂമി വാങ്ങുന്ന പദ്ധതി<br>4. ഹാച്ചറികളുടെനിർമ്മാണവും പുന:രുദ്ധാരണവും<br>5. മത്സ്യകൃഷി പ്രോത്സാഹനപദ്ധതികൾ<br>6. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി<br>7. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതികൾ<br>8. മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പരിപാലന പദ്ധതികൾ<br>9. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ<br>10. മത്സ്യത്തൊഴിലാളി സ്ത്രീ ശാക്തീകരണം പദ്ധതി |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 2016-17 ബജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കും ഫിഷറീസ് യൂണിവേഴ്സിറ്റിയ്ക്കുമായി 430.31 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് 12.5 കോടി എണ്ണം മത്സ്യവിത്ത് മത്സ്യകൃഷിയ്ക്ക് പ്രതിവർഷം ആവശ്യമായി വരും. എന്നാൽ നിലവിൽ പ്രതിവർഷം 2.5 കോടി മത്സ്യവിത്ത് മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളൂ. ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിലെ ഉല്പാദനം അടുത്ത ഒരു വർഷത്തിനുള്ളിൽ 4 കോടിയായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ